# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.07.2026**

### പ്രധാനവാർത്തകൾ

1. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സി.ജെ.പി. പ്രതിനിധികളുമായി ന്യൂഡൽഹിയിൽ ഇന്ന് വീണ്ടും ചർച്ച നടത്തും.
2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ൻറെ 136-ാം പതിപ്പ് നാളെ രാവിലെ 11ന്.
3. വിഴിഞ്ഞം തുറമുഖത്തുനിന്ന് കരമാർഗമുള്ള ചരക്കുനീക്കത്തിന് കസ്റ്റംസ് അനുമതി. ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി അടുത്ത മാസം പതിനെട്ടിന് ഫ്ലാഗ് ഓഫ് ചെയ്യും.
4. സിക്കിമിൽ തുരങ്കം തകർന്നുണ്ടായ അപകടത്തിൽ മരിച്ച കോട്ടയം സ്വദേശി അനീഷ് മോഹന്റെ മൃതദേഹം നാട്ടിൽ എത്തിച്ചു. സംസ്കാരം ഉച്ചയ്ക്ക് രണ്ടിന്.
5. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഇന്ത്യ-സിംബാബ്‌വെ പുരുഷ ടി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ഹരാരെയിൽ.

&&&&&&&&&&&&&&&&

RNU TVPM

## നീറ്റ് - പിരിച്ചുവിട്ടു

നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ കർശന നടപടിയുമായി കേന്ദ്രസർക്കാർ. ദേശീയ ടെസ്റ്റിങ് ഏജൻസിയിലെ 47 ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു. കൂടുതൽ പേർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&

## സി.ജെ.പി - കേന്ദ്ര സർക്കാർ -ചർച്ച

നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സി.ജെ.പി. പ്രതിനിധികളുമായി ന്യൂഡൽഹിയിൽ ഇന്ന് വീണ്ടും ചർച്ച നടത്തും. കേന്ദ്രമന്ത്രിമാരായ ജെ.പി. നഡ്ഡ, ജിതേന്ദ്ര സിംഗ് എന്നിവർ ഇന്നലെ സിജെപിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&

## ഡൽഹി മെട്രോ റെയിൽ

സുരക്ഷാ കാരണങ്ങളാൽ ദേശീയ തലസ്ഥാനത്ത് ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ 18 മെട്രോ സ്റ്റേഷനുകൾ അടച്ചിടുന്നതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ. അതേസമയം രാജീവ് ചൗക്ക്, മാണ്ഡി ഹൗസ്, സെൻട്രൽ സെക്രട്ടറിയേറ്റ് എന്നീ സ്റ്റേഷനുകളിൽ മെട്രോ ലൈനുകൾ മാറിക്കയറാനുള്ള സൗകര്യം ലഭ്യമായിരിക്കുമെന്ന് ഡി.എം.ആർ.സി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയവിനിമയം നടത്തുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ൻറെ 136-ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&

## വിഴിഞ്ഞം ഇൻട്രോ)

വിഴിഞ്ഞം തുറമുഖത്തുനിന്ന് കരമാർഗമുള്ള ചരക്കുനീക്കത്തിന് കസ്റ്റംസിൻറെ അനുമതി. ഇത് സംബന്ധിച്ച ഉത്തരവ് കസ്റ്റംസ് പുറത്തിറക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്...**

**(വോയ്സ്)**

**&&&&&&&&&&&&&&&&**

## സിക്കിം

സിക്കിമിൽ ജലവൈദ്യുതപദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന തുരങ്കം തകർന്നുണ്ടായ ദുരന്തത്തിൽ മരിച്ച ജിയോളജിസ്റ്റ് പാമ്പാടി സ്വദേശി അനീഷ് മോഹൻറെ മൃതദേഹം നാട്ടിൽ എത്തിച്ചു. രാവിലെ കൊച്ചി വിമാനത്താവളത്തിൽ നിന്ന് നോർക്ക ഏർപ്പെടുത്തിയ ആംബുലൻസിൽ റോഡ് മാർഗമാണ് മൃതദേഹം വീട്ടിൽ എത്തിച്ചത്. പൊതുദർശനത്തിനുശേഷം ഉച്ചയ്ക്ക് രണ്ടിനാണ് സംസ്കാരം.

**&&&&&&&&&&&&&&&&**

## പംപാ സാഹിത്യോത്സവം - വി.ഡി സതീശൻ

പംപാ സാഹിത്യോത്സവത്തിന് പത്തനംതിട്ടയിലെ ചെങ്ങന്നൂരിൽ തുടക്കമായി. പരിപാടിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിച്ചു. ദക്ഷിണേന്ത്യയിലെ പ്രമുഖ എഴുത്തുകാരെയും ചലച്ചിത്ര-നാടക പ്രവർത്തകരെയും കലാകാരന്മാരെയും ഒരേ വേദിയിൽ ഒരുമിപ്പിക്കുന്ന സാഹിത്യോത്സവം ഈ മാസം 27 ന് സമാപിക്കും.

**&&&&&&&&&&&&&&&&**

## ബിന്ദു കൃഷ്ണ

ഖാദി വസ്ത്രങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനും മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുമെന്ന് തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ. കൊല്ലം കരുനാഗപ്പള്ളിയിൽ ഓണം ഖാദി മേളയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

PNUTVPM

സർക്കാർ സ്ഥാപനങ്ങളിൽ ഉത്പന്നങ്ങളുടെ പ്രചാരം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

<u>സണ്ണി ജോസഫ്</u>

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൻറെ ഖാദി ഓണം മേളയുടെ കണ്ണൂർ ജില്ലാ തല ഉൽഘാടനം മന്ത്രി സണ്ണി ജോസഫ് നിർവഹിച്ചു. അടുത്തമാസം 25 വരെ നീളുന്ന മേളയിൽ ഖാദി ഉൽപ്പന്നകൾക്ക് 30% റിബേറ്റും, സർക്കാർ അർദ്ധസർക്കാർ, ബാങ്ക് ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും നൽകുന്നുണ്ട്

&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

RNUTVPM

&&&&&&&&&&&&&&&&

<u>പേപ്പാറ ഡാം</u>

തിരുവനന്തപുരം പേപ്പാറ അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ. പേപ്പാറയിൽ നിന്ന് അരുവിക്കരയിലേക്ക് വെള്ളം എത്തിക്കുന്നതിനായാണ് ഷട്ടർ തുറക്കുമെന്ന് അറിയിച്ചത്. അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ, പതിവ് വൈദ്യുതി ഉൽപാദനത്തിലൂടെ പേപ്പാറയിൽ നിന്ന് അരുവിക്കരയിലേക്ക് വെള്ളം എത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് നടപടി.

&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**&&&&&&&&&&&&&&&&**

## ക്രിക്കറ്റ്

ഇന്ത്യ-സിംബാബ്‌വെ പുരുഷ ടി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വൈകുന്നേരം 4:30-ന് സിംബാബ്‌വെയിലെ ഹരാരെയിൽ ആണ് മത്സരം. പരമ്പരയിലെ മൂന്നാം മത്സരം നാളെ നടക്കും.

**&&&&&&&&&&&&&&&&**

## കോമൺ വെൽത്ത് ഗെയിംസ്

RNU TVPM

ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്ക് ആദ്യ മെഡൽ. പുരുഷന്മാരുടെ ഹെവിവെയ്റ്റ് പാരാ പവർലിഫ്റ്റിംഗ് ഫൈനലിൽ ഝണ്ഡു കുമാർ വെങ്കല മെഡൽ കരസ്ഥമാക്കി. മെഡൽ നേട്ടത്തിൽ ഝന്ദു കുമാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. കഠിനാധ്വാനത്തിൻറെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമാണിതെന്നും നേട്ടം രാജ്യത്തിനാകെ പ്രചോദനമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

**&&&&&&&&&&&&&&&&**

## പാലക്കാട് - ബസ് സർവീസ് (ഇൻട്രോ)

പാലക്കാട് നഗരത്തിലെ പ്രധാനസ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള കെ.എസ് .ആർ ടി.സി സിറ്റി ബസ് സർവീസിന് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

**&&&&&&&&&&&&&&&&**

## സ്വർണ്ണവില

സ്വർണ്ണവില കൂടി. പവന് 440 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 6,280 രൂപയും ഗ്രാമിന് 13,285 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

## കാർഗിൽ വിജയ് ദിവസ്

27-ാമത് കാർഗിൽ വിജയ് ദിവസിൻറെ ആഘോഷങ്ങൾക്ക് ഇന്ന് ജമ്മു കാശ്മീരിൽ തുടക്കമാവും. നാളെ കാർഗിൽ യുദ്ധസ്മാരകത്തിൽ നടക്കുന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് മുഖ്യാതിഥിയാകും. രാജ്യത്തിൻറെ ധീര രക്തസാക്ഷികൾക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. നാളെയാണ് കാർഗിൽ വിജയ് ദിവസ്.

&&&&&&&&&&&&&&&&

## മന്ത്രി കെ മുരളീധരൻ - ശബരിമല

ശബരിമല സ്വർണ്ണ അപഹരണ കേസിൽ കുറ്റം ചെയ്തവർ ആരായാലും ശിക്ഷിക്കപ്പെടണം എന്നതാണ് സർക്കാരിന്റെ നിലപാടെന്ന് മന്ത്രി കെ മുരളീധരൻ. കേസുമായി ബന്ധപ്പെട്ട് എസ് ഐ ടി കോടതിയിൽ നൽകിയ റിപ്പോർട്ട് സർക്കാർ നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു. അന്തിമ കുറ്റപത്രം സമർപ്പിക്കുമ്പോൾ സർക്കാർ കോടതിയിൽ കൃത്യമായ നിലപാട് അറിയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി .

PNU TVPM

&&&&&&&&&&&&&&&&

## വഖഫ്- പിണറായി വിജയൻ

വഖഫ് വിഷയത്തിൽ താൻ വർഗീയത പ്രചരിപ്പിക്കുന്നുവെന്ന മുഖ്യമന്ത്രി വി ഡി സതീശന്റെ ആരോപണം അടിസ്ഥാന രഹിതമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. താൻ മുഖ്യമന്ത്രിയിരുന്നപ്പോൾ വഖഫ് വിഷയത്തിൽ സ്വീകരിച്ച അതേ നിലപാട് തന്നെയാണ് ഇപ്പോഴും പിന്തുടരുന്നതെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. വഖഫ് വിഷയത്തിലെ

യുഡിഎഫ് നിലപാട് ബിജെപിയുടേതിന് സമാനമാണെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു.

**&&&&&&&&&&&&&&&&**

**<u>സണ്ണി ജോസഫ് - കോഴ ആരോപണം</u>**

കാസർഗോഡ് ഇ വി എം കോഴ ആരോപണത്തിൽ കോൺഗ്രസ് നേതാവിനെതിരെ ഉള്ള പരാതി കെപിസിസിക്ക് ഇതുവരെ ലഭിച്ചിട്ടില്ലെന്ന് മന്ത്രിയും കെപിസിസി അധ്യക്ഷനുമായ സണ്ണി ജോസഫ്. പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ വൈദ്യുത പ്രതിസന്ധി ഉടൻ മാറ്റാൻ കഴിയില്ലെന്നും ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണെന്നും ശ്രീ സണ്ണി ജോസഫ് വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

RNU TVPM

**<u>T P M സാഹിർ അന്തരിച്ചു</u>**

മുൻ എംൽഎയും മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിയറ്റ് അംഗവുമായ T P M സാഹിർ അന്തരിച്ചു. 83 വയസ്സായിരുന്നു. കോഴിക്കോട് രണ്ട് മണ്ഡലത്തിൽ നിന്നും നിയമസസഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. M E S N എൻ ജിനിയറിംഗ് ഡയറക്റ്റർ , കൊച്ചിൻ യൂണിവേഴ്സിറ്റി സിണ്ടികേറ്റംഗം , MSS ജില്ലാ പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**<u>മലമ്പുഴ - റോപ് വേ</u>**

പാലക്കാട് മലമ്പുഴ ഉദ്യാനത്തിലെ റോപ് വേയുടെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കാൻ ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകി. സുരക്ഷ സംബന്ധിച്ച് കമ്മീഷന് ലഭിച്ച പരാതി പരിഗണിച്ചാണ് നിർദ്ദേശം.

**&&&&&&&&&&&&&&&&**

## ബാലാവകാശ കമ്മീഷൻ - കഞ്ചിക്കോട്

കഞ്ചിക്കോട് ഗവ. എച്ച് എസ് എസ് സ്കൂളിൽ കായിക അധ്യാപകൻ കുട്ടികളെ മർദ്ദിച്ചെന്ന പരാതിയിൽ ബാലാവകാശ കമ്മീഷൻ തെളിവെടുപ്പ് നടത്തി. സംഭവത്തിൽ ഉൾപ്പെട്ട വിദ്യാർഥികളുമായി നേരിട്ട് സംസാരിച്ചതായും അധ്യാപകന് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും കമ്മീഷൻ അംഗങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&**

## മട്ടാഞ്ചേരി - സിനഗോഗ്

വാർഷിക അറ്റകുറ്റപ്പണികൾക്കായി എറണാകുളം മട്ടാഞ്ചേരിയിലെ പരദേശി സിനഗോഗ് താൽക്കാലികമായി അടച്ചിടുന്നു. മറ്റന്നാൾ മുതൽ ഓഗസ്റ്റ് 5 വരെ സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&&&&&&&&**

RNUTVPM